# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 സെപ്റ്റംബർ 26, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

പ്രൊഫ. എം. പി. വർഗ്ഗീസ്, കെ.കെ. അണ്ണൻ, ആറ്റിങ്ങൽ എൻ. ഗോപാലപിള്ള എന്നിവരുടെ നിര്യാണം

തിരു-കൊച്ചി നിയമസഭാംഗമായിരുന്ന പ്രൊഫ. എം.പി. വർഗ്ഗീസ്, മൂന്നാം കേരള നിയമസഭയിലെ അംഗവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനുമായിരുന്ന കെ.കെ. അണ്ണൻ, നാലാം കേരള നിയമസഭയിലെ അംഗവും തിരുവിതാംകൂറിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്ത ആറ്റിങ്ങൽ എൻ. ഗോപാലപിള്ള എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

<u>അടിയന്തിരപ്രമേയം</u>

## <u>പാമോലിൻ കേസ്</u>

<u>മി. സ്പീക്കർ</u>: പാമോലിൻ കേസിൽ തുടരന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ച തിരുവനന്തപുരം വിജിലൻസ് കോടതി ജഡ്ജിക്കെതിരെ ഗവൺമെന്റ് ചീഫ് വിപ്പ് നടത്തിയ പരാമർശങ്ങളെത്തുടർന്ന് ജഡ്ജി തുടർവാദം കേൾക്കുന്നതിൽ നിന്നും പിന്മാറിയതായും ജുഡീഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചതായും പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): നീതിന്യായ നിർവ്വഹണത്തിൽ ഒരു സാഹചര്യത്തിലും ഗവൺമെന്റ് ഇടപെട്ടിട്ടില്ല. ചീഫ് വിപ്പിന്റെ സ്റ്റേറ്റ്മെന്റിനെ ആധാരമാക്കിയാണ് അടിയന്തിരപ്രമേയ നോട്ടീസ് നൽകിയിട്ടുള്ളത്. ജനാധിപത്യത്തിൽ ജുഡീഷ്യറിക്കുള്ള സ്ഥാനത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു ഗവൺമെന്റാണിത്. ജുഡീഷ്യറിക്ക് സഹായകരമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. പാമോലിൻ കേസിലും വളരെ തുറന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ജുഡീഷ്യറിയുടെ പ്രവർത്തനത്തിൽ ഇടപെടുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

പാമോലിൻ കേസിന്റെ തുടരന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ച വിജിലൻസ് സ്പെഷ്യൽ ജഡ്ജി ഈ കേസിൽനിന്ന് പിന്മാറിയപ്പോൾ നടത്തിയ പ്രതികരണത്തിൽ നിന്നും സംസ്ഥാനത്തെ നീതിന്യായ നിർവ്വഹണത്തിൽ സർക്കാർ ഇടപെട്ടിരിക്കുന്നു എന്ന് വ്യക്തമാകുന്നുണ്ട്. പാമോലിൻ കേസിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ പങ്ക് അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് വിജിലൻസ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത് 2011 മാർച്ച് 14-നാണ്. കെ.കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ആഗോള ടെൻഡർ വിളിക്കാതെയും 15 ശതമാനം സർവ്വീസ് ചാർജ്ജ് നൽകിയും 15000 മെട്രിക് ടൺ പാമോലിൻ ഇറക്കുമതി ചെയ്ത പ്രശ്നം 1992 മാർച്ച് 9-ന് നിയമസഭയിൽ ഉന്നയിക്കപ്പെട്ടെങ്കിലും സർക്കാർ അത് നിഷേധിക്കുകയാണുണ്ടായത്. മാർച്ച് 10-ന് അന്നത്തെ പ്രതിപക്ഷ നേതാവ് രേഖകൾ സഹിതം നിയമസഭയിൽ ഈ പ്രശ്നം ഉന്നയിച്ചതോടെയാണ് വമ്പിച്ച അഴിമതിയുടെ കഥ പുറത്തായത്. തുടർന്ന് സി.എ.ജി. റിപ്പോർട്ടിലും പി.യു.സി. റിപ്പോർട്ടിലും ഇതിനെക്കുറിച്ചുള്ള പരാമർശം വന്നതിന്റെ അടിസ്ഥാനത്തിലാണ് നാല് കോടി രൂപയുടെ അഴിമതി നടന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചത്. 2001 മാർച്ച് 23-ന് ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചെങ്കിലും കേസിലെ ഒന്നാം പ്രതിയായ കെ. കരുണാകരൻ വിവിധ തടസ്സവാദങ്ങൾ ഉന്നയിച്ചതുകൊണ്ട് സുപ്രീംകോടതി വിചാരണ തടയുന്ന സാഹചര്യമുണ്ടായി. കെ.കരുണാകരൻ മരണപ്പെട്ടതോടെ സുപ്രീംകോടതിയുടെ തടസ്സം നീങ്ങി

വിചാരണ ഘട്ടത്തിലെത്തിയപ്പോൾ 10–02–2011-ൽ വിടുതൽ ഹർജി യുമായി രണ്ടും മൂന്നും പ്രതികളായ ശ്രീ. ടി.എച്ച്. മുസ്തഫയും ശ്രീ.സക്കറിയാ മാത്യുവും കോടതിയെ സമീപിക്കുകയും വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഇതുസംബന്ധിച്ച് ഫർദർ ഇൻവെസ്റ്റിഗേഷൻ ആവശ്യ പ്പെടുകയും ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ മാർച്ച് 5-ന് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേസ് എങ്ങനെ പരിശോധി ക്കണമെന്നുള്ള പ്രശ്നം ഉയർന്നുവന്നപ്പോൾ കോടതി ഫർദർ ഇൻവെസ്റ്റി ഗേഷന് ഉത്തരവ് കൊടുത്തു. മൂന്നുമാസം കൊണ്ടാണ് റിപ്പോർട്ട് സമർപ്പി ക്കേണ്ടതെങ്കിലും യു.ഡി.എഫ്. ഗവൺമെന്റാണ് അധികാരത്തിൽ വരുന്നത് എന്ന് മനസ്സിലാക്കി ഇലക്ഷൻ റിസൽറ്റ് പ്രഖ്യാപിച്ച മേയ് മാസം 13-ന് ഉച്ചയ്ക്കുശേഷം ധൃതിപിടിച്ച് 'ഇതിൽ പുതിയ പ്രതികളൊന്നുമില്ല' എന്നു പറഞ്ഞ് വിജിലൻസ് ഡയറക്ടറുടെ ചാർജ് വഹിക്കുന്ന എ.ഡി.ജി.പി. കോടതിയിൽ റിപ്പോർട്ട് കൊടുത്തു. പുതുതായി അധികാരത്തിൽ വരുന്ന ഗവൺമെന്റിനേയും മുഖ്യമന്ത്രിയേയും തൃപ്തിപ്പെടുത്താൻ വേണ്ടത്ര പരിശോധനകളില്ലാതെ കൊടുത്ത ആ റിപ്പോർട്ടിന്മേലാണ് വിജിലൻസ് ജഡ്ജി പി.കെ. ഹരീഷ് അന്ന് ധനകാര്യ മന്ത്രിയായിരുന്ന, ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ പങ്ക് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ജഡ്ജ്മെന്റ് പുറപ്പെടുവിക്കുന്നത്. ജഡ്ജി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പരിശോധി ച്ചാൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെ ഒരു കാരണവശാലും ഒഴിവാക്കിക്കൊണ്ട് ഈ കേസിൽ നിലപാടെടുക്കാൻ സാധിക്കില്ല. കോടതിവിധി വന്നപ്പോൾത്തന്നെ മുഖ്യമന്ത്രിസ്ഥാനം രാജിവച്ച് സ്വതന്ത്രമായ ഒരന്വേഷണം നടത്താൻ സാഹചര്യം സൃഷ്ടിക്കുന്നതിനുപകരം

വിജിലൻസ് വകുപ്പിൽ തുടർച്ചയായി ഇടപെട്ട് ഈ കേസിന്റെ അന്വേഷണത്തെ അട്ടിമറിക്കാൻ ശ്രമിക്കുകയും വിജിലൻസ് വകുപ്പിനെ രാഷ്ട്രീയവൽക്കരിക്കുകയുമാണുണ്ടായത്. ഈ കേസിൽ പ്രതിയായ പി.ജെ. തോമസിനെ ചീഫ് വിജിലൻസ് കമ്മീഷണറായി നിയമിച്ച നടപടി സുപ്രീം കോടതി റദ്ദാക്കിയ പശ്ചാത്തലത്തിലാണ് വിധി പ്രഖ്യാപിച്ച ജഡ്ജിക്കെതിരായി ചീഫ് വിപ്പ് സ്വന്തം ലെറ്റർപാഡിൽ രാഷ്ട്രപതി, ഗവർണ്ണർ, സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവർക്കെല്ലാം കത്തയച്ചത്. ഈ കത്തിനോട് ഗവൺമെന്റിന് യോജിപ്പില്ലെന്ന് മുഖ്യമന്ത്രി പറയുന്നുണ്ടെങ്കിലും ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും കത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ഗവൺമെന്റിന്റെ അഭിപ്രായമല്ലെന്ന് കാണിച്ചുകൊണ്ട് ബന്ധപ്പെട്ടവർക്ക് കത്തയയ്ക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ഗവൺമെന്റ് ചീഫ് വിപ്പ് അയച്ച കത്തിൽ ജഡ്ജിക്കെതിരായി ഭരണപരമായ നടപടിയെടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. കേന്ദ്ര നിയമ വകുപ്പുമന്ത്രിക്ക് കത്തയച്ചതും ജുഡീഷ്യറിയിൽ ഇടപെടാനുള്ള ഉദ്ദേശത്തോടുകൂടിയാണ്. സംസ്ഥാനത്ത് ജുഡീഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വിധി പറഞ്ഞ ജഡ്ജിക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നത് ന്യായീകരിക്കാനാവില്ല. ചീഫ് വിപ്പിനെ അനുകൂലിക്കുകയും സർക്കാരിന്റെ അഭിപ്രായമായി ഇത് വരികയും ചെയ്തതോടുകൂടിയാണ് ജഡ്ജി ഈ കേസിന്റെ തുടർവാദം കേൾക്കുന്നതിൽനിന്നും പിൻമാറിയത്. മുഖ്യമന്ത്രി അധികാര സ്ഥാനത്ത് തുടരുമ്പോൾ പാമോലിൻ കേസ് നിഷ്പക്ഷമായി അന്വേഷിക്കാൻ സാധിക്കുകയില്ല. ജുഡീഷ്യറി തകർന്നാൽ നിയമവാഴ്ചയില്ലാത്ത ഒരു

സംസ്ഥാനമായി കേരളം മാറും. മുഖ്യമന്ത്രിയും ചീഫ് വിപ്പും രാജിവയ്ക്കണം. സംസ്ഥാനത്ത് ജഡ്ജിമാർക്ക് നിർഭയം പ്രവർത്തിക്കാനുള്ള അവസരമുണ്ടാകണം. എക്സിക്യൂട്ടീവിന്റെ ഭാഗത്തുനിന്ന് ജുഡീഷ്യറിക്കെതിരായ ഇടപെടൽ വന്നാൽ ജുഡീഷ്യറിയെ രക്ഷിക്കേണ്ടത് നിയമസഭയാണ്. അതുകൊണ്ട് ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1996 മുതൽ 2001 വരെ സംസ്ഥാനത്ത് അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പാമോലിൻ കേസിന്റെ എല്ലാ രേഖകളും പരിശോധിച്ച് അന്വേഷണം നടത്തിയതിനുശേഷം 2001 മാർച്ച് മാസത്തിൽ ചാർജ്ജ്ഷീറ്റ് കൊടുത്തപ്പോൾ പാമോലിൻ കേസിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെ പ്രതിയാക്കാതെ സാക്ഷിയാക്കിയത് എന്തുകൊണ്ടാണെന്നുള്ളത് വ്യക്തമാക്കണം. ശ്രീ. ടി. എച്ച്. മുസ്തഫയുടെ അഫിഡവിറ്റിൽ പാമോലിൻ കേസ് അന്വേഷണം നടത്തി അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെ ഒഴിവാക്കിയതുപോലെ തന്നെയും ഒഴിവാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2001-ൽ ചാർജ്ജ്ഷീറ്റ് കൊടുക്കുന്ന സന്ദർഭത്തിൽ ലഭ്യമാകാത്ത പുതിയ വിവരങ്ങൾ പ്രോസിക്യൂഷന് കിട്ടിയപ്പോഴാണ് ഫർദർ ഇൻവസ്റ്റിഗേഷനുവേണ്ടി കോടതിയെ സമീപിച്ചത്. 2011-ൽ ശ്രീ. ടി. എച്ച്. മുസ്തഫ പാമോലിൻ കേസിൽ പ്രതിയായപ്പോൾ വിടുതൽ ഹർജിയുമായി കോടതിയെ സമീപിച്ചപ്പോഴാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പങ്കാളിത്തം പുറത്തുവന്നതും അത് അന്വേഷിക്കേണ്ട സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പാമോലിൻ ഇറക്കുമതിയിലൂടെ സംസ്ഥാനത്തിന് നഷ്ടമല്ല, എട്ടരക്കോടി രൂപയുടെ ലാഭമാണു ണ്ടായിട്ടുള്ളത്. ഡെപ്യൂട്ടി ഡയറക്ടറെ ഗവൺമെന്റിന് മാറ്റാനുള്ള അധികാരം ഉണ്ടെങ്കിലും മുൻ ഗവൺമെന്റ് നിയമിച്ച ആൾതന്നെ തുടരണ മെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. കെ. കരുണാകരൻ മരിക്കുന്നതുവരെ പാമോലിൻ കേസിൽ എന്റെ പേര് നിയമസഭയ്ക്കകത്തോ പുറത്തോ ഒരിടത്തും പരാമർശിച്ചിട്ടില്ല. പുതിയ തെളിവുകൾ കിട്ടി എന്നുപറയുന്നു ണ്ടെങ്കിലും അന്നത്തെ വിജിലൻസുദ്യോഗസ്ഥർ സമർപ്പിച്ച രേഖകളിൽ കൂടുതലായി ഒന്നും ഇപ്പോൾ കൊണ്ടുവന്നിട്ടില്ല. ജനാധിപത്യത്തിൽ ജുഡീഷ്യറിയുടെ സ്ഥാനം എന്തായിരിക്കണമെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. അതിന് ഒരു മാറ്റവും ഉണ്ടാകുകയില്ല. ശ്രീ. പി. സി. ജോർജിന്റെ കത്തിനോടുള്ള സമീപനം ഗവൺമെന്റ് വ്യക്തമാക്കിയതും അദ്ദേഹം അത് അംഗീകരിച്ചതുമാണ്. ജനങ്ങൾക്ക് നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ശ്രീ. ഉമ്മൻചാണ്ടിയെ പ്രതിയാക്കുന്നതിന് തെളിവുകളുണ്ടെന്ന് പ്രോസിക്യൂട്ടർ നൽകിയ നിയമോപദേശം സഹിതമാണ് വിജിലൻസ് ഡയറക്ടർ കോടതിയിൽ റിപ്പോർട്ട് നൽകിയത്. കേസിൽ തന്നെപ്പറ്റി എന്തെങ്കിലും പരാമർശമുണ്ടായാൽ പദവികളെല്ലാം ഒഴിയുമെന്നാണ് തെരഞ്ഞെടുപ്പുകാലത്ത് ശ്രീ. ഉമ്മൻചാണ്ടി പ്രഖ്യാപിച്ചത്. മുഖ്യമന്ത്രി

ചീഫ് വിപ്പിനെ ഉപയോഗിച്ച് ജഡ്ജിക്കെതിരെ ഭീഷണി മുഴക്കുകയും രാഷ്ട്രപതിക്ക് കത്തെഴുതുകയും ചെയ്യുന്നതിലൂടെ നീതിന്യായ സംവിധാനത്തെ തകർക്കുന്നതിനും നിയമവ്യവസ്ഥയെ അട്ടിമറിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. ശ്രീ. പി.സി. ജോർജിന്റെ കത്ത് വ്യക്തിപരമാണെന്ന് പറഞ്ഞതല്ലാതെ തെറ്റാണെന്ന് പറയാൻ മുഖ്യമന്ത്രി തയ്യാറായില്ല. ഭരണഘടന ലംഘിച്ച ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാനുള്ള അവകാശമില്ല; മുഖ്യമന്ത്രി അധികാരം വിട്ടൊഴിയണം.

(പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയ്ക്ക് മുഖ്യമന്ത്രി മറുപടി പറയണമെന്നും ചീഫ് വിപ്പിനെ പുറത്താക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തതിനെ തുടർന്ന് 10.47-ന് സഭ അൽപസമയത്തേക്ക് നിർത്തിവയ്ക്കുകയും ഉച്ചയ്ക്കുശേഷം 12.20-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേരുകയും ചെയ്തു.)

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ</u> : നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിവസംതന്നെ സഭാസമ്മേളനം അല്പസമയം നിറുത്തിവയ്ക്കേണ്ട നിർഭാഗ്യകരമായ അനുഭവമുണ്ടായത് അത്യന്തം ഖേദകരമാണ്. സഭാനടപടികൾ ഭംഗിയായി നടന്നുപോകണമെന്നും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നുമാണ് ചെയറിന്റെ നിലപാട്. നിയമത്തിന്റേയും ചട്ടങ്ങളുടേയും സാങ്കേതികത്വത്തിൽ പിടിച്ചുനിൽക്കാതെയാണ് അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നൽകിയത്. എന്നാൽ അവസാന ഘട്ടത്തിൽ

ബഹളമുണ്ടായതിനെത്തുടർന്ന് പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും കക്ഷിനേതാക്കൻമാരുമായി നടന്ന ചർച്ചയിൽ ഒരു പരിഹാരമുണ്ടാക്കാൻ കഴിയാത്തതിനാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള അജണ്ടയനുസരിച്ച് മുന്നോട്ട് പോകുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ. പാലോട് രവി, കെ. രാജു, തോമസ് ഉണ്ണിയാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവര പ്പട്ടികയിലെ അടുത്ത നടപടിയിലേക്ക് കടന്നു)

**ശ്രദ്ധ ക്ഷണിക്കൽ**

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

**ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. കെ. മുരളീധരൻ : തലസ്ഥാന നഗരിയിൽ ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് നിയമസഭയിൽ 1958-ലും 2004-ലും പ്രമേയം പാസ്സാക്കിയെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചി ട്ടില്ല. ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ളവരുമായി ആവശ്യമായ ചർച്ചകൾ

നടത്തി അടിയന്തിരമായി ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിച്ച് ഇപ്പോഴു ണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഹൈക്കോടതി ബഞ്ച് തിരുവനന്ത പുരത്ത് പുന:സ്ഥാപിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ ഒരു ശുപാർശകൂടി ഇക്കാര്യത്തിൽ ആവശ്യമായതിനാൽ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി സംസ്ഥാന ഗവൺമെന്റ് ചർച്ച ചെയ്യുകയും കേന്ദ്ര ഗവൺമെന്റിലേക്ക് ഈ വിഷയം ടേക്കപ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യക്തിപരമായ വിശദീകരണം**

ശ്രീ. പി.സി. ജോർജ് : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപനേതാവും എന്നെ ബന്ധപ്പെടുത്തി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഈ ബഹളത്തിനിടയിൽ വിശദീകരിക്കാൻ സാധിക്കാത്തതുകൊണ്ട് ബഹുമാന പ്പെട്ട സ്പീക്കർക്ക് എഴുതിത്തരാം. അത് സഭാരേഖയിൽ ഉൾപ്പെടുത്തണ മെന്നഭ്യർത്ഥിക്കുന്നു.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

(2) ചട്ടം 47(2) പ്രകാരമുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ഒന്നാമത് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. വർക്കല കഹാർ : 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**(2) 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഹൈബി ഈഡൻ : 2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2011-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.42-ന് പിരിഞ്ഞു.

@@@@@@@@